(ബി) ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി 24.1.2000 വരെ പണം സ്വീകരിച്ചിട്ടുണ്ട്. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോ കോപ്പിയർ വാങ്ങുന്നതിന് സ്വരൂപിച്ച തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ടി.പി.എ. 145-ാം നമ്പർ അക്കൗണ്ടിൽ 31.12.99 വരെ 690 ലക്ഷം (അറുന്നൂറ്റി തൊണ്ണൂറ് ലക്ഷം) രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുകയ്ക്ക് പലിശ ലഭിക്കുന്നില്ല. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ഇതുവരെ പഞ്ചായത്ത് ഡയറക്ടർ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി 691 ഫോട്ടോ കോപ്പയറുളാണ് വാങ്ങേണ്ടത്. ഇത് വളരെ വലിയ പർച്ചേസ് ആയതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. അതിനാലാണ് ഇതുവരെ ഫോട്ടോസ്റ്റാറ്റ് മെഷീൻ ഗ്രാമപഞ്ചായത്തുകൾക്ക് നൽകാൻ കഴിയാത്തത്. ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(എഫ്) ഉപചോദ്യം (ബി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

151 (732) പാർവ്വതീപുത്തനാർ സ്കീം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ സംസ്ഥാനതല പരിപാടിയായി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത പാർവ്വതീപുത്തനാർ സ്കീമിനുവേണ്ടി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്; എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പദ്ധതി പൂർത്തിയാക്കുവാനുള്ള കാലതാമസത്തിന്റെ കാരണം എന്താണ്;

(ഡി) ജനകീയാസൂത്രണ സംസ്ഥാനതല ഉദ്ഘാടനത്തിനുവേണ്ടി സപ്ലിമെന്റ് പത്രങ്ങൾക്ക് നൽകിയതിന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർവ്വതീപുത്തനാർ സ്കീമിനുവേണ്ടി ഇതുവരെ 1,58,175/- രൂപ (ഒരു ലക്ഷത്തി അൻപത്തിയെട്ടായിരത്തി നൂറ്റിയെഴുപത്തിയഞ്ചു രൂപാ മാത്രം) തിരുവനന്തപുരം നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഒരു ദീർഘകാല പദ്ധതിയായാണ് വിഭാവന ചെയ്തിരിക്കുന്നത്. 2000-2001-ൽ പൂർത്തിയാക്കാനാണ് നഗരസഭ പരിശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തെക്ക്നിക്കര കനാലിൽനിന്നും പുത്തനാറിലേയ്ക്ക് ഒഴുക്കി വിടുന്ന സ്വീവേജ് മാലിന്യങ്ങൾ നേരിട്ട് സ്വീവേജ് ഫാമിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള പദ്ധതി പൂർത്തിയാക്കുവാനുണ്ടായ കാലതാമസമാണ് പ്രധാനമായും ഈ പദ്ധതിയെ ബാധിച്ചത്.

(ഡി) ഈ ഇനത്തിൽ തിരുവനന്തപുരം നഗരസഭ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

152 (733) പനവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഉഷയുടെ സസ്പെൻഷൻ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഉഷയെ സസ്പെന്റ് ചെയ്തത് എന്നാണ്;

(ബി) സസ്പെന്റ് ചെയ്യാൻ കാരണമെന്താണ്;

(സി) സെക്രട്ടറിക്കെതിരെ പരാതി നൽകിയതാരാണ്; അദ്ദേഹം ഏതു രാഷ്ട്രീയ പർട്ടിയിലെ അംഗമാണ്;

(ഡി) പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷിച്ചത്;

(ഇ) അന്വേഷണത്തിൽ പഞ്ചായത്ത് പ്രസിഡന്റ് തെളിവ് നൽകിയിട്ടുണ്ടോ;

(എഫ്) പ്രസിഡന്റ് ഏതു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളാണ്;

(ജി) അന്വേഷണം സംബന്ധിച്ച് പ്രസിഡന്റ് നൽകിയ സ്റ്റേറ്റുമെന്റ് എന്താണ്;

(എച്ച്) പരാതിയിൽ പറയുന്ന മരം മുറിച്ച സംഭവം ഉണ്ടായത് എന്നാണ്; സംഭവം നടക്കുമ്പോൾ ഇപ്പോഴത്തെ പഞ്ചായത്ത് സെക്രട്ടറി ആ സ്ഥാനം വഹിച്ചിരുന്നുവോ;

(ഐ) മരം മുറിച്ച സംഭവം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നാണ്; അതിനെ തുടർന്ന് സെക്രട്ടറി എന്തെല്ലാം നടപടി സ്വീകരിച്ചു;

(ജെ) പരാതി ലഭിച്ച ഉടൻ നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചുവെന്ന് പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(കെ) എങ്കിൽ സസ്പെൻഷൻ നടപടി റദ്ദാക്കി അവരെ ജോലിയിൽ പ്രവേശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2.2.2000-ത്തിൽ.

(ബി) പഞ്ചായത്ത്വക സ്ഥലത്ത് നിന്നിരുന്ന മരം അനധികൃതമായി മുറിച്ചു മാറ്റിയതിനെതിരെ മേൽനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly